# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3825 20/07/2015 ൽ മറുപടിക്ക്

## സർക്കാർ സ്കൂളുകളുടെ മോഡേണൈസേഷനും ക്വാളിറ്റി ഇംപ്രൂവ്മെന്റിനുമായി സമഗ്ര പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) കേരളത്തിലെ സർക്കാർ സ്കൂളുകളുടെ മോഡേണൈസേഷനും ക്വാളിറ്റി ഇംപ്രൂവ്മെന്റിനുമായി സമഗ്ര പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ സർക്കാരിന് എന്തെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | എ) | ക്വാളിറ്റി ഇംപ്രൂവ്മെന്റിനായി ഫോക്കസ് 2015 എന്ന സമഗ്ര പദ്ധതി എസ്.എസ്.എ മുഖേന നടപ്പിലാക്കുന്നു. കുട്ടികളുടെ പഠന പുരോഗതി ഉറപ്പാക്കിയും വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾ, സമൂഹത്തിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ, മെച്ചപ്പെടുത്തി ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |
| ബി) എല്ലാ സർക്കാർ സ്കൂളുകളിലെയും ലാട്രിൻ, നൂൺ-മീൽ ഷെഡ് എന്നിവ നവീകരിച്ചിട്ടുണ്ടെന്ന സർക്കാർ പ്രഖ്യാപനം നാളിതുവരെ പ്രാബല്യത്തിൽ വന്നിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; പ്രസ്തുത നടപടി എന്നത്തേയ്ക്ക് ആരംഭിക്കാനാകും? | ബി) | ലാട്രിൻ എല്ലാ സർക്കാർ സ്കൂളുകളിലും ഉണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ട്. നൂൺ-മീൽ ഷെഡിന്റെ നവീകരണത്തിന് കേന്ദ്ര മാനവവിഭവശേഷി വികസനമന്ത്രാലയത്തിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ